

# ഗാന്ധിജി

കൊതിച്ച സൗഭാഗ്യം ലഭിച്ചമോദത്തിൽ
സ്വതന്ത്ര ഭാരതം തുടിച്ചുനിൽക്കവേ
ഇരമ്പിയാഹ്ളാദത്തിമിർപ്പിൽ പാഞ്ഞിടും
പുരുഷാരത്തിന്റെ വിജയഘോഷത്തിൽ
തരിമണലുകൾ ചിലമ്പൊലിമീട്ടി
ച്ചരണങ്ങൾതട്ടിത്തുടികൊട്ടിത്തുള്ളി
മടിച്ചൊരാൾമാത്രം നടന്നു പിന്നോക്കം
കടത്തുതോണിയിൽ കയറിയേകനായ്
ഉണർന്നു വന്നവർ ഉണർത്തി വന്നവർ
ഇണങ്ങിയൊന്നിച്ച് നടന്നുവന്നവർ
അഭിമാനത്തിന്റെ തിളക്കമാർന്നൊരേ
യഭിമതം നോറ്റു സ്വയമർപ്പിച്ചവർ
പരസ്പരം സ്നേഹംപകർന്ന വ്യക്തികൾ
ഒരാദർശത്തിന്റെ സമൂഹമിത്രങ്ങൾ
ഒരമ്മപെറ്റവർ ഒരേ മനസ്സുമായ്
ഒരേ കൊടിക്കീഴിൽ അണിനിരന്നവർ
ഒരു സുദൃഢമാം പ്രതിജ്ഞയിൽമുങ്ങി
ഒരേ മുദ്രാവാക്യം മുഴക്കിവന്നവർ





ഒരേ പടച്ചട്ട ധരിച്ചുവന്നവർ
ധരാതലംകണ്ട സമര ധീരന്മാർ
അരിയെ വീഴ്ത്തുവാൻ കരതലങ്ങളും
വിരിമാറുംകാട്ടിച്ചെറുത്ത വീരന്മാർ
വെടിയുണ്ടയേറ്റു പിടഞ്ഞുപോർക്കളം
നടുവിലായിരക്കണക്കു സോദരർ
ചുടുരക്തം ചിന്തി മരിച്ചുവീണിട്ടും
അടിപതറാതെ പൊരുതി നിന്നവർ
പടവെട്ടിച്ചോരപുരണ്ടിട്ടും പൊടി
പടലം ദേഹത്തിലുറഞ്ഞിരുന്നിട്ടും
തുടയ്ക്കുവാനരക്ഷണം മെനക്കെടാ-
നിടയില്ലാതാർപ്പു വിളിച്ചു പോകുന്നു.
അവരെയുംകൂട്ടിക്കടത്തിറങ്ങുവാൻ
അവശൻ നാഥന്റെ മനസ്സുവെമ്പുന്നു.
അവരിലാവേശം തിളച്ചുപൊങ്ങുമ്പോ-
ളവദ്യമെങ്ങിനെയുരയ്ക്കും ഗാന്ധിജി.
ഗഹനവീഥിയിൽ നയിച്ചുതാൻമഹാ
സഹനമർപ്പിച്ച സമര തന്ത്രങ്ങൾ
മഹിതമാകണം വിശാലമാകണം
മഹിയിൽ മാനവ ചരിതമാകണം
മതവികാരത്തിൽ മതിമറക്കുവോർ
മതിപ്പുവിട്ടവർ മനുഷ്യമൂഢരാം
അതുചെവിക്കൊണ്ട് നടന്നിടാത്തവർ
അതീവകഷ്ടത വരുത്തിഭൂവിതിൽ
ജനിത്രയെ വെട്ടിപ്പിളർന്നുഭാഗിച്ചു
കനിഞ്ഞ സ്വാതന്ത്ര്യപ്പിറവിപേറുവോർ
ജനാധിപത്യത്തിൻ ഭരണമേറുവാൻ
മനസ്സുറച്ചാർത്തുവിളിച്ചുപോകുന്നു.

അനേകകോടി ഭാരതീയ സ്വപ്നങ്ങൾ
അനുക്ഷണം പൂത്തുവിരിഞ്ഞുകാണുവാൻ
നഗരവും ഗ്രാമപ്രദേശവും നവ്യ
സുഗന്ധ സൗഹൃദ മണഞ്ഞുകാണുവാൻ
സമരധീരഭൂതലത്തിൽ നിസ്വത
സമസ്തവും തുടച്ചെറിഞ്ഞുകാണുവാൻ
വരിച്ച നേട്ടത്തിൽ വഹിച്ച പങ്കിന്റെ
പൊരുളാമാദർശം വളർന്നുകാണുവാൻ
അനുദിനമനുനിമിഷമാ മഹാൻ
അനുഗമിച്ചതാം വിശിഷ്ടവീഥിയിൽ
അധികാരത്തിന്റെ മധുരസം നുക-
ർന്നധഃപ്പതിയ്ക്കുവാൻ തുനിഞ്ഞുപോകുമോ
പൊരിഞ്ഞുപോരാടി ജയിച്ചതിൻ ഫലം
പെരിയ ദോഷമായ് ഭവിച്ചുപോകുമോ
അറിയുന്നില്ലതൻ സഖാക്കളിക്കാര്യം
അറിയിച്ചീടാനും വഴികാണുന്നില്ല
അണിയിൽ നിന്നുതാൻ പിരിഞ്ഞുപോകയാൽ
തുണയ്ക്കുമില്ലാരുമടുത്തുകൂടുവാൻ
കൊലവിളിയുടെ പടംഹംകൊട്ടുന്നു
നിലവിളിയുടെ മുഴക്കം കേൾക്കുന്നു
കലിതുള്ളിക്കടൽ ഇരച്ചുകേറുന്നു
കുലുങ്ങും നാടിന്റെ നടുക്കം കേൾക്കുന്നു
തരുക്കളിൽത്തട്ടിത്തകരും കാറ്റിന്റെ
മരണശ്വാസത്തിൻ ഞരക്കം കേൾക്കുന്നു
നരന്റെ നന്മയ്ക്ക് മതങ്ങൾ സൃഷ്ടിച്ച
പരമാത്മജ്ഞാന പുരാണതത്വങ്ങൾ





പതച്ചുപൊക്കിയ നുരയിൽ കാലൂന്നി
മതാന്ധന്മാർ ചോരപ്പുഴയൊഴുക്കുന്നു
ഹൃദയരക്തത്തിൽ കലർന്നസോദര
സുദൃഢബന്ധങ്ങൾ ഇറുത്തുമാറ്റുന്നു
എവിടെമാനവനെവിടെ മർത്യത
എവിടെ മാനവ ശമനസംഹിത
മതജാതിക്കലിമനുഷ്യഹൃത്തടം
മതിലുകെട്ടിയ മലിനചിന്തകൾ
തകർത്തിടാനക്ഷഹൃദയമേകിയ
സകലമാനവ പ്രണയകാഹളം
മുഴക്കിത്തോണിയും തുഴഞ്ഞുവന്ദ്യനാം
വയോധികൻ മാതൃഹൃദയം പൂകിനാൻ.